**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1598** **16-10-2026-ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച മുനിസിപ്പൽ സ്റ്റേഡിയം നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്റ്റേഡിയം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 14.06.2022 തീയതിയിൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്

11’s നാച്ചുറൽ ഫുട്ബോൾ ടർഫ്, ഫ്ലഡ് ലൈറ്റ്, സ്പ്രിങ്ക്ളർ സിസ്റ്റം, സ്റ്റാഫ് & പമ്പ് റൂം, ബോർവെൽ നിർമ്മാണം, നിലവിലുള്ള ഗ്യാലറിയുടെ ടെൻസൈൽ റൂഫിംഗ്, ജിം/ഫിറ്റ്നസ് സെന്റർ നിർമ്മാണം, ചുറ്റുമതിൽ നവീകരണം, ഫ്ലഡ് ലൈറ്റ് സ്ഥാപിക്കൽ, സംരക്ഷണ ഫെൻസിംഗ് നിർമ്മാണം, ക്രിക്കറ്റ് പ്രാക്ടീസ് പിച്ച്, വോളീബോൾ കോർട്ട്, പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം, ഇലക്ട്രിക്കൽ എന്നിവ ഒന്നാംഘട്ട പ്രവൃത്തിയായി 15.02.2026-ന് പൂർത്തീകരിച്ചിട്ടുണ്ട്.

ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ, സി.സി.ടി.വി. ഇൻസ്റ്റലേഷൻ, നടപ്പാതയുടെയും സ്ട്രീറ്റ് ലൈറ്റിന്റെയും നിർമ്മാണം എന്നിവ രണ്ടാംഘട്ട പ്രവൃത്തിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 3 പ്രവൃത്തികൾക്കുമായി 22.12.2025 തീയതിയിൽ 81,23,000/- രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്

**(ബി)** മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി അനുവദിച്ച ഫണ്ടുകൾ വിനിയോഗിച്ചതിൽ എന്തെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

**മറുപടി:** മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി അനുവദിച്ച ഫണ്ടുകൾ വിനിയോഗിച്ചതിൽ ക്രമക്കേടുകൾ ഉണ്ടോ എന്ന് പരിശോധിക്കുന്നതാണ്.

**(സി)** ചങ്ങനാശ്ശേരി മണ്ഡലത്തിൽ മുനിസിപ്പൽ സ്റ്റേഡിയത്തിന് പുറമേ മറ്റൊരു സ്റ്റേഡിയം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ വാർഡ് 17-ൽ കുറിച്ചി ഔട്ട് പോസ്റ്റ് ജങ്ഷൻ പഞ്ചായത്ത് കളിസ്ഥലത്തിന്റെ വികസന പ്രവൃത്തി 28.02.2026-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

**(ഡി)** മണ്ഡലത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിർമ്മാണം മന്ദഗതിയിലായ കായിക പദ്ധതികൾ വേഗത്തിൽ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ 15.02.2026 ന് പൂർത്തീകരിച്ചു.

രണ്ടാം ഘട്ട പ്രവൃത്തിയായ സി. സി. റ്റി. വി. ഇൻസ്റ്റലേഷൻ, ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ, നടപ്പാതയുടെയും സ്ട്രീറ്റ് ലൈറ്റിന്റെ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**(ഇ)** കായിക വകുപ്പിനു കീഴിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെയും അതിനായി വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെയും പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** 2026-2027 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നമ്പർ 1694 ആയി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ "ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ സ്ഥലത്ത് അന്താരാഷ്ട്ര മികവിൽ മൈതാനം നിർമ്മാണം" എന്ന പദ്ധതിക്കായി 200 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും, 100 രൂപ മാത്രം ബഡ്ജറ്റ് വിഹിതമായുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**